ചുമതലയും ബാധ്യതയും അവരെ ഓർമ്മപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുവാനും കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു. അത് ഉൾക്കൊള്ളുന്ന ഈ പ്രമേയം അംഗീകരിച്ച് സഭയുടെ വികാരം ഗവൺമെന്റിന് ഉൾക്കൊള്ളുന്നതിന് യാതൊരു വൈമനസ്യവുമില്ല. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് സന്തോഷം മാത്രമേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ഗവൺമെന്റ് ഈ പ്രമേയം അംഗീകരിക്കാൻ തയ്യാറായതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. 1994-ൽ ആണ് ഡബ്ലിയു.ടി.ഒ. ഉണ്ടായത്. ആറു വർഷമായിട്ടും കഴിഞ്ഞ ഗവൺമെന്റുകളൊന്നും ഇത്തരം നടപടികൾ സ്വീകരിച്ചില്ല. ബഹുമാന്യനായ മുഖ്യമന്ത്രി മുൻകയ്യെടുത്ത് കമ്മീഷനെ നിയമിച്ചതിലും ആ കമ്മീഷൻ ഫലപ്രദമായ നിർദ്ദേശം നൽകിയതിലും പ്രമേയം ചർച്ച ചെയ്തതിലുമുള്ള സന്തോഷം അറിയിക്കുന്നു, ചാരിതാർത്ഥ്യം അറിയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

VI. ക്രമപ്രശ്നം

ഉദ്യോഗസ്ഥന്മാർ ഗാലറിയിൽ ഹാജരില്ലാത്തത് സംബന്ധിച്ച്

ശ്രീ. കെ. കെ. ഷാജു: വെള്ളിയാഴ്ച ദിവസങ്ങളിൽ, അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിലൂടെ, ഈ നാട്ടിലെ പൊതുവികാരം ആണ് ഈ സഭയിൽ നമ്മൾ പ്രകടിപ്പിക്കുന്നത്. ആ സമയത്ത് ഗാലറിയിൽ ഒറ്റ ഉദ്യോഗസ്ഥൻപോലുമില്ല. ഇവിടെ അവതരിപ്പിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കേൾക്കാൻ ഒറ്റ ഉദ്യോഗസ്ഥന്മാർ പോലും ഗാലറിയിൽ ഇല്ല എന്നുള്ളതിൽ കടുത്ത പ്രതിഷേധമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. കെ. കെ. ഷാജു: എല്ലാ വെള്ളിയാഴ്ചയും ഇങ്ങനെയാണ്. എന്റെ സംശയം പ്രതിപക്ഷം ഇറങ്ങിപ്പോയ കൂട്ടത്തിൽ അവരും ഇറങ്ങിപ്പോയോ എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറഞ്ഞുകഴിഞ്ഞല്ലോ; മുഖ്യമന്ത്രി അതിനെക്കുറിച്ച് അന്വേഷിക്കും.

സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ— (തുടർച്ച)

(2) മായം ചേർക്കലും പരിസ്ഥിതിയെ ഹാനികരമായി ബാധിക്കുന്ന പ്രവർത്തനങ്ങളും തടയുന്നതിന് നിയമനിർമ്മാണം

ശ്രീ. ടി. എൻ. പ്രതാപൻ: കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ചുമതലപ്പെടുത്തിയ തനുസരിച്ച് താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly